**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4821** **11-08-2021 - ൽ മറുപടിയ്ക്ക്**

**കസ്റ്റഡിമരണങ്ങൾ സി.ബി.ഐ.ക്ക് കൈമാറുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന എല്ലാ കസ്റ്റഡിമരണങ്ങളും സി.ബി.ഐ. ക്ക് കൈമാറുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ കേസുകളാണ് ഇതിനകം സി.ബി.ഐ. ക്ക് കൈമാറിയിട്ടുള്ളത്; | (ബി) | സംസ്ഥാന പോലീസ് അന്വേഷണം നടത്തി വന്ന കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന കേസുകൾ സി.ബി.ഐ.ക്ക് കൈമാറിയിട്ടുണ്ട്.<br>1. ശ്രീ. രാജ്കുമാർ (Cr.No.349/2019 of Peerumedu PS)<br>2. ശ്രീ. പി.പി. മത്തായി (വനം വകുപ്പിന്റെ കസ്റ്റഡി) (Cr.No.685/2020 of Chittar PS)<br>3. ശ്രീ. രഞ്ജിത് കുമാർ (Cr.No.458/2019 of Paravatty PS)<br>4. ശ്രീ. ശ്രീജീവ് (Cr.No.562/2014 of Parassala PS)<br>5. ശ്രീ. സിബി (Cr.No.528/2015, Cr.No.530/2015, Cr.No.531/2015 of Marangattupally PS) |
| (സി) | കേസുകൾ സി.ബി.ഐ. ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര പേഴ്സണൽ മന്ത്രാലയം ഏകജാലക സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | സംസ്ഥാന സർക്കാർ സി.ബി.ഐ. ക്ക് വിട്ട ഏതെങ്കിലും കേസുകൾ സി.ബി.ഐ. ഏറ്റെടുക്കുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കേസുകളാണെന്നും അതിന്റെ കാരണമെന്താണെന്നും അറിയിക്കുമോ? | (ഡി) | ഉണ്ട്.<br>1.ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡിലെ Pollution abatement project -നു വേണ്ടി വിദേശത്തുനിന്നും യന്ത്ര സാമഗ്രികൾ ഇറക്കുമതി ചെയ്തതിൽ അഴിമതി നടന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1-ൽ വി.സി. 1/ 2015/ എസ്.ഐ.യു-1 നമ്പറായി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്ന കേസ് സി.ബി.ഐ.ക്ക് |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കാനാവില്ലെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ വിദേശ വിതരണക്കാരായ M/s. Chematur Eco Planning, Finland & M/s. A-VI Europe എന്നിവയിൽ നിന്ന് യന്ത്രങ്ങൾ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിക്കുന്നതിന് ദുഷ്കരമായിരിക്കും, എന്നിവയെല്ലാമാണ് കേസന്വേഷണം ഏറ്റെടുക്കുന്നത് നിരസിക്കുന്നതിനുള്ള പ്രധാന കാരണമായി ചൂണ്ടിക്കാട്ടിയിരിക്കുന്നത്.<br><br>2.ശ്രീ.ജെ.ഉമ്മൻ 1993-1998, 2002-13 കാലയളവിൽ കേരളാ സ്പെഷ്യൽ ഒളിമ്പിക്സ് പ്രസിഡന്റായിരിക്കെ 2010-11, 2011-12 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ ഒളിമ്പിക്സ് ഭാരത് ഫണ്ട് (61,22,521-രൂപ) ദുർവിനിയോഗം ചെയ്തുവെന്ന ആരോപണം സംബന്ധിച്ച് വി.സി.07/2016/എസ്.ഐ.യു-1 നമ്പരായി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്ന കേസ് സി.ബി.ഐ ക്ക് ഏറ്റെടുക്കാനാവില്ലെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ